## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 852** **25.01.2018-ൽ മറുപടിയ്ക്ക്**

### കോതമംഗലം ഇളബ്ലാശ്ശേരി - ഞണ്ടുകുളം റോഡ് നിർമ്മാണം

**ചോദ്യം**
**ശ്രീ.ആന്റണി ജോൺ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 17,50,300/- രൂപയുടെ അനുമതി ലഭിക്കുകയും നിർമ്മാണ നടപടികൾ ആരംഭിക്കുകയും ചെയ്ത കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ വില്ലേജിൽ ഇളബ്ലാശ്ശേരി - ഞണ്ടുകുളം റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഭരണാനുമതി നൽകിയ എസ്റ്റിമേറ്റ് പ്രകാരം ഇളമ്പ്ലാശ്ശേരി-ഞണ്ടുകുളം റോഡിന്റെ നിർമ്മാണം നടത്താൻ സാധ്യമല്ലാത്തതിനാൽ നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. എന്നാൽ പദ്ധതി നടത്തുന്നതിനായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഉത്തരവ് പ്രകാരം വനം വകുപ്പിൽ നിന്നും വനാവകാശ നിയമപ്രകാരം നൽകിയ അനുമതി, ടി സ്ഥലത്ത് റോഡ് നിർമ്മാണം അനുവദിക്കുന്നത് വന്യ ജീവികളുടെ സ്വൈര്യവിഹാരത്തിന് തടസ്സം നേരിടും, ജനറൽ വിഭാഗക്കാർ വനം കൈയ്യേറുന്നതുമൂലം കുറ്റകൃത്യങ്ങൾ വർദ്ധിക്കും തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടി റദ്ദ് ചെയ്തതായി മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | തടസ്സങ്ങൾ പരിഹരിച്ച് റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുന:രാരംഭിക്കുവാൻ കഴിയുമോ; | ബി) യും സി) യും | വനം വകുപ്പുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്. |
| സി) | നിരവധി ആദിവാസി കുടുംബങ്ങളുടെ ഏക യാത്രാ സൗകര്യമായ പ്രസ്തുത റോഡിന്റെ നിർമ്മാണം അടിയന്തരമായി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ